(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) റേഷൻ സംവിധാനത്തിന്റെ നിലനില്പ് കേന്ദ്ര സർക്കാർ തീരുമാനങ്ങൾക്ക് വിധേയമാണ്. നിലവിലുള്ള അപാകതകൾ പരിഹരിച്ച് റേഷൻ സംവിധാനം കാര്യക്ഷമമായി നിലനിർത്തണമെന്നാണ് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നത്.

(ബി) 1-6-1997-ൽ കേന്ദ്രസർക്കാർ നടപ്പിലാക്കിയ ലക്ഷ്യാധിഷ്ടിത റേഷൻ സമ്പ്രദായപ്രകാരം ധാന്യ ഉല്പാദനശേഷിയിൽ പിന്നോക്കം നില്ക്കുന്ന കേരള സംസ്ഥാനത്തെ ഒരു വിഭാഗം ജനത (ദാരിദ്ര്യ രേഖയ്ക്കു മുകളിലുള്ളവർ) റേഷൻ സമ്പ്രദായത്തിൽ നിന്നും തത്വത്തിൽ ഒഴിവാക്കപ്പെട്ടു. കേരളത്തെ സംബന്ധിച്ചിടത്തോളം റേഷൻ സമ്പ്രദായം വില നിയന്ത്രിക്കുന്നതിനുള്ള ഉപാധി മാത്രമല്ല പൊതു ജനങ്ങൾക്ക് ധാന്യലഭ്യതയുടെ ഉറവിടം കൂടിയാണ്. ഇത് കണക്കിലെടുക്കാതെ ഭക്ഷ്യ ഉല്പാദനശേഷിയുള്ള സംസ്ഥാനങ്ങൾക്കും കേരളത്തിനും ഒരേ മാനദണ്ഡം കേന്ദ്രസർക്കാർ സ്വീകരിച്ചത് കേരളത്തിൽ നിലനിന്നിരുന്ന റേഷൻ സമ്പ്രദായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ഡി) റേഷൻ സാധനങ്ങളുടെ വില വർദ്ധനവ് കേന്ദ്രസർക്കാർ തീരുമാനങ്ങളുടെ തുടർച്ചയാണ്. വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായി ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർക്ക് കിലോഗ്രാമിന് 1.90 രൂപ സബ്സിഡി നൽകി പ്രതിമാസം 16 കിലോഗ്രാം അരി കിലോഗ്രാമിന് 10 രൂപാ നിരക്കിൽ നൽകി വരുന്നു. ഇതിന്റെ വില 9 രൂപയായി താഴ്ത്താൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്തെ 25.43 ശതമാനം ജനതയെ മാത്രമാണ് കേന്ദ്രസർക്കാർ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരായി കണക്കാക്കി സൗജന്യ നിരക്കിലുള്ള ബി.പി.എൽ. അരി നൽകുന്നത്. എന്നാൽ സംസ്ഥാന സർക്കാർ സംസ്ഥാനത്തെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ബി.പി.എൽ. നിരക്കിൽ അരി നൽകിവരുന്നു. ഇതിലേക്കുള്ള അധിക ചെലവ് സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്.

മാവേലിസ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ

145 (1080) ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ മാവേലിസ്റ്റോറുകൾ ഇല്ലാത്ത എത്ര പഞ്ചായത്തുകൾ നിലവിലുണ്ട് ;

(ബി) കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഒന്നിലധികം മാവേലി സ്റ്റോറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) നിലവിലുള്ള നിയമമനുസരിച്ച് മാവേലിസ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളിൽ ഓരോ മാവേലിസ്റ്റോർ തുറക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതു പൂർത്തിയാകുന്ന മുറയ്ക്ക് ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഒന്നിലധികം മാവേലി സ്റ്റോറുകൾ തുറക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

റേഷൻഷാപ്പുകളിലൂടെ വില്പന നടത്തുന്ന അരിയുടെ വില

146 (1061) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻഷാപ്പുകളിലൂടെ വില്പന നടത്തുന്ന അരിയുടെ വില എത്രയാണ് ;

(ബി) കഴിഞ്ഞ വർഷം വിലയുടെ തോത് എത്രയായിരുന്നു ;

(സി) റേഷൻ കടകളിൽ അരിയുടെ ചെലവ് ഗണ്യമായി കുറഞ്ഞിട്ടുണ്ടോ ;

(ഡി) കഴിഞ്ഞ വർഷവും ഈ വർഷവും തമ്മിൽ ചെലവ് എത്ര വ്യത്യാസം വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)	എ. പി. എൽ. (നോർമൽ)	11.90 രൂപ
	എ. പി. എൽ. (സംസ്ഥാന സബ്സിഡിയോടെ)	10.00 രൂപ
	ബി. പി. എൽ.	6.20 രൂപ
(ബി)	എ. പി. എൽ. അരി	12.40 രൂപ
	എ. പി. എൽ. (സംസ്ഥാന സബ്സിഡി)	11.40 രൂപ
	ബി. പി. എൽ.	6.40 രൂപ

(സി) ഉണ്ട്.

(ഡി) 1999 ജനുവരി മുതൽ ഡിസംബർ വരെ 1357782 മെ:ടൺ അരി ചെലവായി. 2000 ജനുവരി മുതൽ ഡിസംബർ വരെ 656618 മെ:ടൺ അരി ചെലവായി. 2000 വർഷത്തിൽ 701164 മെ:ടൺ അരിയുടെ ചെലവ് കുറഞ്ഞിട്ടുണ്ട്.

അന്ത്യോദയ അന്നയോജന പദ്ധതി

147 (1082) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റിന്റെ അന്ത്യോദയ അന്നയോജന പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തുള്ള എത്ര കുടുംബങ്ങൾക്ക് കിട്ടുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly